## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4969

4.7.2012 ൽ മറുപടിയ്ക്ക്

## <u>ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) സംസ്ഥാനത്തെ ജീവനക്കാർക്കായി ഏർപ്പെടുത്തിയിരിക്കുന്ന ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ; | 29.3.2007ലെ ജി.ഒ.(പി) നം.221/07/ധന പ്രകാരം 2008 ജനുവരി മുതൽ ഈ വാർഷിക അപകട ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നു. 2010 വരെ പദ്ധതി നാഷണൽ ഇൻഷ്വറൻസ് കമ്പനിയും സർക്കാരും ചേർന്ന് 70:30 ശതമാന കണക്കിലാണ് നടത്തി വന്നിരുന്നത്. ടി കാലഘട്ടങ്ങളിൽ Insurance Premium 50/- രൂപയും Insured തുക 7 ലക്ഷം രൂപയും ആയിരുന്നു. 2011 മുതൽ സംസ്ഥാന സർക്കാർ നേരിട്ട് (നാഷണൽ ഇൻഷ്വറൻസ് കമ്പനിയെ ഒഴിവാക്കി) Insurance Premium 100/- രൂപയും Insured തുക 8 ലക്ഷം രൂപയും ആക്കി ടി പദ്ധതി നടത്തി വരുന്നു. നിലവിൽ പ്രീമിയം 200/- രൂപയും Insured തുക 8 ലക്ഷം രൂപയും ആണ്. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ, കോളേജ്, റ്റീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് ജീവനക്കാർ, പഞ്ചായത്ത്, മുനിസിപ്പൽ, കോമൺ സർവ്വീസ് ജീവനക്കാർ, സ്വയംഭരണ, കോ-ഓപ്പറേറ്റീവ് ജീവനക്കാർ, യൂണിവേഴ്സിറ്റി ജീവനക്കാർ, ചുരുക്കം പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർ ടി പദ്ധതിയുടെ ഉപഭോക്താക്കളാണ്. സ്കീമിൽ അംഗമായിട്ടുള്ള ജീവനക്കാർക്ക് അപകടമരണം |

| | |
|---|---|
| | സംഭവിക്കുന്ന പക്ഷം അനന്തരാവകാശിയ്ക്ക് 8 ലക്ഷം രൂപ ലഭിക്കുന്നു. സ്ഥിരം വൈകല്യം സംഭവിക്കുന്നവർക്കും നഷ്ടപരിഹാരമായി 8 ലക്ഷം രൂപ ലഭിച്ചു വരുന്നു. എന്നാൽ ഭാഗിക വൈകല്യമായ ഒരു കാൽ നഷ്ടപ്പെടൽ, ഒരു കണ്ണിന്റെ കാഴ്ചശക്തി നഷ്ടപ്പെടൽ എന്നീ സാഹചര്യങ്ങളിൽ 4,00,000/- രൂപ (50% തുക) നൽകുന്നതിനും ടി സ്കീമിൽ വ്യവസ്ഥയുണ്ട്. |
| (ബി) കഴിഞ്ഞ വർഷം പ്രസ്തുത പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിരുന്നു; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | കഴിഞ്ഞ വർഷം ഇൻഷ്വറൻസ് ആനുകൂല്യത്തിനായി 167 അപേക്ഷകൾ താഴെ പറയും പ്രകാരം ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം-41, കൊല്ലം-13, ആലപ്പുഴ-14, പത്തനംതിട്ട-12, കോട്ടയം-5, ഇടുക്കി-8, എറണാകുളം-9, തൃശ്ശൂർ-13, പാലക്കാട്-16, മലപ്പുറം-10, കോഴിക്കോട്-13, വയനാട്-1, കണ്ണൂർ-6, കാസർഗോഡ്-6. |
| (ബി) അപേക്ഷിച്ചിരുന്നവരിൽ എത്ര പേർക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ? | അപേക്ഷ ലഭിച്ചവരിൽ നിന്നും 66 പേർക്ക് ഇൻഷ്വറൻസ് ആനുകൂല്യം താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് നൽകുവാൻ വേണ്ട നടപടികൾ പൂർത്തിയായി വരുന്നു.<br><br>തിരുവനന്തപുരം-14, കൊല്ലം-10, ആലപ്പുഴ-5, പത്തനംതിട്ട-5, കോട്ടയം-3, ഇടുക്കി-2, എറണാകുളം-4, തൃശ്ശൂർ-3, പാലക്കാട്-8, മലപ്പുറം-2, കോഴിക്കോട്-4, വയനാട്-1, കണ്ണൂർ-6, കാസർഗോഡ്-4. |

Remadevi

സെക്ഷൻ ഓഫീസർ